അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, കേരളം, എറണാകുളം, കൊച്ചി-682 031
ഫോൺ (PABX) : 2395050, 2395052, 2395078 ഫാക്സ്: 0484 2394674
ഇമെയിൽ: advocategeneralkerala@gmail.com

പി.ആർ.എസ് 1-29414/2015 തീയതി: 04.02.2017

## ലേല പരസ്യം

കേരള അഡ്വക്കേറ്റ് ജനറൽ ഓഫീസ് വക താഴെ പറയുന്ന മാരുതി എസ്റ്റീം കാർ ഇപ്പോഴത്തെ അവസ്ഥയിൽ ടെണ്ടർ/പരസ്യലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നു:

| വാഹനം | മോഡൽ | നിരത ദ്രവ്യം |
|---|---|---|
| കെ.എൽ-07-എ.ഡബ്ല്യു - 196 | 2005 | 450/- രൂപ |

ലേലം എറണാകുളത്ത് രാംമോഹൻ പാലസ് വളപ്പിൽ പ്രവർത്തിക്കുന്ന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ വച്ച് 2017 മാർച്ച് മാസം 3-ാം തീയതി ഉച്ച തിരിഞ്ഞ് 3 മണിക്ക് നടത്തുന്നതാണ്. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് 2017 ഫെബ്രുവരി 21, 22 എന്നീ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകുന്നേരം 3 മണിക്കും ഇടയിൽ അഡ്വക്കേറ്റ് ജനറലിന്റെ പി.ആർ.ഒ-യുടെ അനുമതിയോടെ ടി വാഹനം പരിശോധിക്കാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടറുകൾ മുദ്ര വച്ച കവറിൽ 450/- രൂപ (നാനൂറ്റി അൻപത് രൂപ മാത്രം) ഓഫീസ് അക്കൗണ്ട്സ് വിഭാഗത്തിൽ അടച്ചതിന്റെ രശീത് സഹിതം ലേലതീയതിയുടെ തലേ ദിവസം (അതായത് 02.03.2017) ഉച്ചതിരിഞ്ഞ് 3 മണിക്കു മുൻപായി ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.കെ.എം.ജോൺസൺ-നെ ഏൽപ്പിക്കേണ്ടതാണ്. ഇതോടൊപ്പം നൽകിയിട്ടുള്ള സത്യവാങ്മൂലം പൂരിപ്പിച്ച് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞും, നിരതദ്രവ്യം അടച്ചതിന്റെ രശീതില്ലാതെയും, സത്യവാങ്മൂലം ഇല്ലാതെയും സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മുദ്ര വച്ച ടെണ്ടറുകൾ സമർപ്പിക്കുമ്പോൾ കവറിനു പുറത്ത് "കെ.എൽ-07-എ.ഡബ്ല്യു - 196 മാരുതി എസ്റ്റീം കാർ വാങ്ങുന്നതിനുള്ള ടെണ്ടർ " എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നവർ 03.03.2017-ന് ഉച്ചയ്ക്ക് 1 മണിക്ക് മുൻപായി നിശ്ചിത തുക നിരതദ്രവ്യം അടച്ച് നിർദ്ദിഷ്ട സത്യവാങ്മൂലം എഴുതി നൽകി പബ്ലിക് റിലേഷൻ വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സമയപരിധിക്കു മുൻപ് രജിസ്റ്റർ ചെയ്യാത്തവർക്ക് പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

സാധുതയുള്ള ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളവർ പരസ്യലേലത്തിൽ പങ്കെടുക്കുന്നതിന് അധിക നിരത ദ്രവ്യം അടയ്ക്കേണ്ടതില്ല. എന്നാൽ പരസ്യലേലത്തിൽ പങ്കെടുക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വിധം സമയപരിധിക്കകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരസ്യലേലം 03.03.2017 വൈകീട്ട് 3. മണിക്ക് ആരംഭിക്കുന്നതും ലേലത്തിനുശേഷം ലഭിച്ച യോഗ്യമായ ടെണ്ടറുകൾ തുറക്കുന്നതും പരസ്യ ലേലത്തിൽ വിളിച്ച തുകയോ, ടെണ്ടറിൽ ലഭിച്ച തുകയോ ഏതാണോ കൂടുതൽ ആ തുക വാഗ്ദാനം ചെയ്ത വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതുമാണ്. ഒന്നിൽ കൂടുതൽ വ്യക്തികൾ ഒരേ തുക വാഗ്ദാനം ചെയ്താൽ അവരിൽ നിന്ന് ഒരാളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത് ലേലം ഉറപ്പിക്കുന്നതാണ്. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ 'ലേലം കൊണ്ട വ്യക്തി ലേലതുകയുടെ 50% അടയ്ക്കേണ്ടതും ബാക്കി സംഖ്യ 7 ദിവസത്തിനകം അടച്ച് കൈമാറ്റ രേഖകൾ സഹിതം വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ഈ നിബന്ധന പാലിക്കാത്ത പക്ഷം, ലേലം ഉറപ്പിച്ച നടപടി റദ്ദാക്കുന്നതും നിരതദ്രവ്യവും അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതുമാണ്. കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആദ്യ 2 സ്ഥാനക്കാർ ഒഴികെ ശേഷിക്കുന്നവർക്ക് നിരതദ്രവ്യം പരസ്യലേലത്തിനുശേഷം തിരികെ നൽകുന്നതാണ്. രണ്ടാം സ്ഥാനത്തുള്ള വ്യക്തിക്ക്, ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകിയ വ്യക്തി ലേലത്തുക മുഴുവൻ അടച്ചതിനുശേഷമേ നിരതദ്രവ്യം തിരികെ നൽകുകയുള്ളു. ലേലം ലഭിച്ച വ്യക്തി തുക അടയ്ക്കാത്ത പക്ഷം രണ്ടാം സ്ഥാനത്തുള്ള വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകുവാനോ പുനർ ലേലം ചെയ്യുവാനോ ഉള്ള വിവേചനാധികാരം അഡ്വക്കേറ്റ് ജനറലിൽ നിക്ഷിപ്തമായിരിക്കും. ഇപ്രകാരം ചെയ്യുമ്പോൾ ലഭിക്കുന്ന തുക ആദ്യ ലേലത്തിൽ ഉറപ്പിച്ച തുകയേക്കാൾ കുറവാണെങ്കിൽ വ്യത്യാസം വരുന്ന തുക ആദ്യ ലേലം ലഭിച്ച വ്യക്തിയിൽ നിന്ന് ഈടാക്കുന്നതിനുള്ള അധികാരം അഡ്വക്കേറ്റ് ജനറലിൽ നിക്ഷിപ്തമായിരിക്കും.

ലേലത്തുകയിൻമേൽ നിയമപ്രകാരം ബാധകമായ എല്ലാ നികുതികളും അടയ്ക്കാൻ ലേലം ലഭിച്ച വ്യക്തി ബാധ്യസ്ഥനായിരിക്കും. ടെണ്ടർ/പരസ്യലേലം സംബന്ധിച്ച് യാതൊരു കാരണവും കാണിക്കാതെയും കക്ഷികൾക്ക് കൂടുതൽ നോട്ടീസ് നൽകാതെയും ഏതു തീരുമാനവും കൈക്കൊള്ളുവാൻ അഡ്വക്കേറ്റ് ജനറലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

അഡ്വക്കേറ്റ് ജനറലിനു വേണ്ടി,<br>(ഒപ്പ്/-)<br>കെ.ആർ.ശ്രീകുമാർ,<br>അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി<br>(ഫോൺ: 0484-2564205)

അംഗീകാരത്തോടെ,

R S H

സെക്ഷൻ ഓഫീസർ

## സത്യവാങ്മൂലം

കേരള അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കെ.എൽ-07-എ.ഡബ്ല്യു.- 196 എന്ന നമ്പരിലുള്ള മാരുതി എസ്റ്റീം കാറിന്റെ ലേലം സംബന്ധിച്ച 04.02.2017-ലെ പി.ആർ.എസ്- 1/29414/2015 നമ്പർ ലേല പരസ്യത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ അനുസരിച്ച് ടെണ്ടർ/പരസ്യലേലത്തിൽ ഞാൻ പങ്കെടുക്കുന്നതാണ്. ടെണ്ടർ/ലേല നടപടികളിൽ അഡ്വക്കേറ്റ് ജനറലിന്റെ തീരുമാനം അന്തിമമാണെന്നും ആയത് ഞാൻ അംഗീകരിച്ചുകൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഒപ്പ് :

പേര് :

സ്ഥലം :

തീയതി : പൂർണ്ണമായ മേൽവിലാസം

പി.വി.ഒജ-08/02